# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 48

10-06-2014-ൽ മറുപടിക്ക്

## കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. ആർ.രാജേഷ്<br>ശ്രീ. കെ.ദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും തികഞ്ഞ അലംഭാവമാണ് കാണിച്ചതെന്നതിൽ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേന്ദ്ര പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിരുന്നത്; അനുവദിക്കപ്പെട്ടത് എന്തൊക്കെയാണ്;<br><br>(സി) ഇതിന്റെ ഫലമായി സുഗമമായി പ്രവർത്തിക്കാൻ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ എഫ്.എ.സി.ടി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. അതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്. |

**പുതുതായി ഫണ്ട് അനുവദിക്കൽ**

1) കമ്പനി വാങ്ങിയിട്ടുള്ള അധിക ബാങ്കു വായ്പകൾ തിരിച്ചടക്കുന്നതിനായി രണ്ടു വർഷത്തെ മൊറട്ടോറിയത്തിനു ശേഷം 10 വർഷത്തിനുള്ളിൽ തിരിച്ച ടയ്ക്കാവുന്ന 300 കോടി രൂപയുടെ പലിശ രഹിത വായ്പ.
2) കമ്പനിയുടെ സപ്ലയർമാർക്കും, ഗ്രാറ്റു വിറ്റി ഇനത്തിൽ എൽ.ഐ.സി.ക്കും കൊടുത്തു തീർക്കുവാനുള്ള തുക നൽകുന്നതിനായി 250 കോടി രൂപ ഗ്രാന്റായി ലഭിക്കുന്നതിനുള്ള അനുമതി.

**കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള വായ്പയും അതിന്റെ പലിശയും ഒഴിവാക്കൽ**

1) 31/03/2013 ലെ കണക്കനുസരിച്ചുള്ള 282.73 കോടി രൂപയുടെ അടച്ചു തീർക്കാനുള്ള വായ്പ എഴുതി ത്തള്ളാനുള്ള അനുമതി.
2) 31/03/2013 ലെ കണക്കനുസരിച്ചുള്ള 159.17 കോടി രൂപയുടെ പലിശ എഴുതിത്തള്ളാനുള്ള അനുമതി.

ഇവയെല്ലാമുൾപ്പെടെ 992 കോടി രൂപയുടെ സാമ്പത്തിക പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണന യിലുള്ളത്.

എൽ.എൻ.ജി.യുടെ ഭീമമായ വില നേരിടുന്നതിന് അനുയോജ്യമായ നഷ്ട പരിഹാരം ഫാക്ടിന് നൽകണമെന്നും, എൽ.എൻ.ജി.യുടെ മേലുള്ള 5% കസ്റ്റംസ് തീരുവ ഒഴിവാക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക പാക്കേജിന് അടിയന്തിര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30/05/2014 ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.

സംസ്ഥാനത്തെ മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2012-13 ലെ കേന്ദ്ര ബജറ്റിൽ വേസ്റ്റ് പേപ്പറിന്റെ കസ്റ്റംസ് തീരുവ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. ഇത് സ്ഥാപനത്തിൽ നിന്നുള്ള ന്യൂസ് പ്രിന്റ് ഉത്പാദനത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്.

**(ഡി)** കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**(ഡി)** കേരളത്തിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും, പ്രസ്തുത സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ആവശ്യ

മായ സാമ്പത്തിക സഹായം ഉൾപ്പെടെ യുള്ള കേന്ദ്ര സഹായം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതി സന്ധിയിൽ നിന്ന് കരകയറ്റുന്നതിന് കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങ ളുടെ ഇടപെടലുകളും സ്വാധീനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ